26 MAY 2013
2186

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - സംസ്ഥാനത്തെ ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തല സ്റ്റിയറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 60/2018/പരി തീയതി, തിരുവനന്തപുരം, 11/05/2018

---

പരാമർശം : കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന്റെ 28-03-2018 ലെ 3407/A8/2017 KSBB നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജൈവ വൈവിധ്യ സംരക്ഷണം സുസ്ഥിര ഉപഭോഗം നീതിപൂർവ്വകമായ പങ്കുവെക്കൽ തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ഉപദേശങ്ങൾ നൽകുന്നതിനായി ദേശീയ വൈവിധ്യ ആക്ടിന്റെ വകുപ്പുകൾ പ്രകാരമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിതമായിട്ടുള്ളത്. ജൈവവൈവിധ്യ പരിപാലനം/സംരക്ഷണം/ പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുമൊക്കെയായി സംസ്ഥാനത്തെ വിവിധ ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ആവശ്യമായി വരുന്നുണ്ട് എന്നും എന്നാൽ ഫലപ്രദമായ ഏകോപന സംവിധാനമില്ലാത്തതിനാൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അഭ്യർത്ഥനകളോ, നിർദ്ദേശങ്ങളോ സ്വീകരിക്കുവാനോ അതനുസരിച്ച് പ്രവർത്തിക്കുവാനോ ബോർഡ് ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുവാനോ പ്രസ്തുത ലൈൻ ഡിപ്പോർട്ടുമെന്റുകൾക്ക് കഴിയുന്നില്ല എന്നും ഇതെല്ലാം സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നും ബോർഡ് ചെയർമാൻ സർക്കാരിനെ അറിയിക്കുകയും ഈ പ്രശ്നം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല സ്റ്റിയറിങ്ങ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് ചെയർമാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

**<u>സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങളായി നിർദ്ദേശിച്ചവർ;</u>**

1. അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്.
3. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി/എ.പി.സി, കൃഷി വകുപ്പ്

5. പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്.
6. പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ്.
7. പ്രിൻസിപ്പൽ സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ വകുപ്പ്
9. ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കൺവീനർ)
10. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ജൈവവൈവിധ്യ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നു കൊണ്ട് സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലനം/സംരക്ഷണം/പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംസ്ഥാന തല സ്റ്റിയറിങ്ങ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു. സംസ്ഥാനത്തെ ജൈവ വൈവിധ്യ പരിപാലനം/സംരക്ഷണം/പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുക എന്നത് മാത്രമാണ് ഈ കമ്മിറ്റിയുടെ ചുമതല.

**<u>സംസ്ഥാനതല സ്റ്റിയറിങ്ങ് കമ്മിറ്റിയിലെ അംഗങ്ങൾ;</u>**

1. അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്.
3. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി/എ.പി.സി, കൃഷി വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്.
6. പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ്.
7. പ്രിൻസിപ്പൽ സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ വകുപ്പ്
9. ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കൺവീനർ)
10. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്.

3) സംസ്ഥാനതല സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ ആദ്യ യോഗം ഒരു മാസത്തിനുള്ളിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ (കൺവീനർ) വിളിച്ചു കൂട്ടേണ്ടതും സ്റ്റിയറിങ്ങ് കമ്മിറ്റികളുടെ അംഗീകരിച്ച നടപടിക്കുറിപ്പുകൾ യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

To

1. അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്.

A79

3. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി/എ.പി.സി, കൃഷി വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്.
6. പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധന വകുപ്പ്.
7. പ്രിൻസിപ്പൽ സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ വകുപ്പ്
9. ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കൺവീനർ)
10. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്.
11. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

പരിസ്ഥിതി വകുപ്പ്-കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്-ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റിനെ ഉൾപ്പെടുത്തി ഭേദഗതി വരുത്തി- - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പരിസ്ഥിതി(എ)വകുപ്പ്

G.O.(Rt)No.31/2020/ENVT തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.60/2018/പരി തീയതി 11.5.2018

2 ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ 28.10.2019 ലെ 13ാം നമ്പർ തീരുമാനം

3 ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 7.1.2020ലെ 3407/എ8/2014/കെ..എസ്.ബി.ബി നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റി പരാമർശം (1) പ്രകാരം രൂപീകൃതമായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.10.2019 ൽ ചേർന്ന പ്രസ്തുത കമ്മിറ്റിയുടെ യോഗത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് ചെയർമാനെ ഉൾപ്പെടുത്തുന്നതിനും അതിനായി പരാമർശം(1) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനും പരാർശം (2) പ്രകാരം തീരുമാനമെടുത്തു പരാമർശം(3) പ്രകാരം ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഇക്കാര്യം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലനം/സംരക്ഷണം,പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി യിലെ പതിനൊന്നാമത് അംഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റെനെ ഉൾപ്പെടുത്തി പരാമർശം(1) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSA.V

ADDITIONAL SECRETARY

പകർപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം

വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരളം,തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്& ന്യൂ മീഡിയ)വകുപ്പ്(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ